REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഇന്ന് കർഗിൽ വിജയ് ദിവസ്. പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ കർഗിൽ യുദ്ധസ്മാരകം സന്ദർശിച്ച് രാജ്യത്തിന്റെ ധീരരായ വീരന്മാർക്ക് ആദരാഞ്ജലി അർപ്പിക്കും.
- സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനിടെ വന്യ ജീവി ആക്രമണത്തിൽ 486 പേർ കൊല്ലപ്പെട്ടതായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവ്.
- കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുനു വേണ്ടി നടത്തുന്ന തെരച്ചിൽ പ്രവർത്തനങ്ങളെ കാലാവസ്ഥ പ്രതികൂലമായി ബാധിച്ചു.
- 16-ാമത് രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്ത് തിരി തെളിയും.
- ലോക കായിക മാമാങ്കമായ ഒളിമ്പിക്സിന് പാരീസിൽ ഇന്ന് ഔദ്യോഗിക തുടക്കം.
- ഏഷ്യ കപ്പ് വനിതാ ടി20 ക്രിക്കറ്റിന്റെ സെമിഫൈനൽ മത്സരങ്ങൾ ഇന്ന്. ആദ്യ മത്സരത്തിൽ ഇന്ത്യ - ബംഗ്ലാദേശിനെ നേരിടും.

## വാർത്തകൾ വിശദമായി

**ഇന്ന് കർഗിൽ വിജയ് ദിവസ്. ലഡാക്കിലെ കർഗിലിൽ പാക്കിസ്ഥാൻ സൈന്യത്തെ തുരത്തി ഇന്ത്യ നേടിയ വിജയത്തിന് ഇന്ന് കാൽനൂറ്റാണ്ട്. കർഗിൽ യുദ്ധത്തിൽ**

പോരാടിയ സൈനികർക്ക് ആദരമർപ്പിച്ചാണ് എല്ലാ വർഷവും ജൂലൈ 26 കർഗിൽ വിജയ് ദിവസ് ആയി ആഘോഷിക്കുന്നത്. 25-ാം കർഗിൽ വിജയ ദിനത്തോടനുബന്ധിച്ച്, രാവിലെ പ്രധാനമന്ത്രി നരേന്ദ്ര മോദി കർഗിൽ യുദ്ധസ്മാരകം സന്ദർശിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്..........

കർത്തവ്യനിർവഹണത്തിനിടെ പരമോന്നത ത്യാഗം ചെയ്ത ധീര സൈനികർക്ക് പ്രധാനമന്ത്രി ശ്രദ്ധാഞ്ജലിയർപ്പിക്കും. ഷിങ്കുൻ ലാ തുരങ്കപദ്ധതിയുടെ ആദ്യ സ്ഫോടനവും വെർച്വലായി പ്രധാനമന്ത്രി നിർവഹിക്കും.

ഷിങ്കുൻ ലാ തുരങ്ക പദ്ധതി ലേയിലേക്ക് ഏത് കാലാവസ്ഥയിലും സമ്പർക്ക സൗകര്യമൊരുക്കും. പൂർത്തിയാകുന്നതോടെ ലോകത്തിലെ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തുരങ്കമായി ഇതു മാറും.

ഓരോ ഇന്ത്യക്കാരനും ഇന്ന് വളരെ സവിശേഷമായ ദിവസമാണെന്ന് പ്രധാനമന്ത്രി സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു. രാജ്യത്തെ സംരക്ഷിക്കുന്ന എല്ലാവർക്കും ആദരാഞ്ജലി അർപ്പിക്കുന്ന ദിനമാണിതെന്നും അദ്ദേഹം പറഞ്ഞു. കാർഗിൽ യുദ്ധ സ്മാരകം സന്ദർശിച്ച് രാജ്യത്തിന്റെ ധീരരായ വീരന്മാർക്ക് ആദരാഞ്ജലി അർപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തും കർഗിൽ വിജയ് ദിവസുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ സംഘടിപ്പിക്കും. തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ നടക്കുന്ന പരിപാടിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയാകും. കാർഗിൽ യുദ്ധത്തിൽ ജീവൻ വെടിഞ്ഞ ധീരജവാന്മാർക്ക് ഗവർണർ ശ്രദ്ധാഞ്ജലി അർപ്പിക്കും.

* * *

കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ വന്യ ജീവി ആക്രമണത്തിൽ 486 പേർ കൊല്ലപ്പെട്ടതായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവ് അറിയിച്ചു. രാജ്യസഭയിൽ ഹാരിസ് ബീരാന്റെ ചോദ്യത്തിന് നൽകിയ മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

ആനയുടെ ആക്രമണത്തിൽ 124പേരും കടുവയുടെ ആക്രമണത്തിൽ ആറു പേരും മറ്റു വന്യ ജീവികളുടെ ആക്രമണങ്ങളിലായി 356പെരുമാണ് കാലയളവിൽ കൊല്ലപ്പെട്ടത്.

ആനകൾക്കും കടുവകൾക്കും പ്രത്യേകമായി തയ്യാറാക്കിയ പദ്ധതികൾ പ്രകാരം വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥകളുടെയും സംരക്ഷണത്തിനായി കേന്ദ്രം സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

* * *

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുനു വേണ്ടി നടത്തുന്ന തെരച്ചിൽ പ്രവർത്തനങ്ങളെ കാലാവസ്ഥ പ്രതികൂലമായി ബാധിച്ചു. കാലാവസ്ഥ അനുകൂലമാകും വരെ കാത്തിരിക്കുകയല്ലാതെ മറ്റ് ബദൽ മാർഗങ്ങളൊന്നും മുന്നിലില്ലെന്ന് ഉത്തര കന്നഡ ജില്ലാ കളക്ടർ ലക്ഷ്മിപ്രിയ പറഞ്ഞു.

കനത്ത മഴയായതിനാൽ ഇന്നലെ രാത്രിയിൽ ഡ്രോൺ പരിശോധന നടന്നില്ല. നിലവിലെ സാഹചര്യത്തിൽ മുങ്ങൽ വിദഗ്ധർക്ക് ഗംഗാവലി നദിയിൽ ഇറങ്ങാൻ കഴിയില്ലെന്ന് സൈന്യം വ്യക്തമാക്കി. ക്യാബിനോ ട്രക്കിന്റെ സ്ഥാനമോ ഇതുവരെ നിർണ്ണയിക്കാനും സാധിച്ചിട്ടില്ല. ഐബോർഡ് ഉപയോഗിച്ച് ഇന്നലെ നടത്തിയ പരിശോധനയിൽ ട്രക്ക് റോഡിൽ നിന്നും 60 മീറ്റർ ദൂരം പുഴയിലാണുള്ളതെന്ന് കണ്ടെത്തി.

എന്നാൽ ലോറിയുടെ ഉള്ളിൽ മനുഷ്യസാന്നിദ്ധ്യം സ്ഥിരീകരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ലെന്ന് റിട്ടയേർഡ് മേജർ ജനറൽ ഇന്ദ്രബാലൻ അറിയിച്ചു. നാലിടത്ത് ലോഹഭാഗങ്ങൾ കണ്ടെത്തിയെന്ന് അദ്ദേഹം ഷിരൂരിൽ വാർത്താ ലേഖകരോട് പറഞ്ഞു. ലോറിയിൽ നിന്നും തടികൾ വിട്ടുപോയിട്ടുണ്ട്. ലോറി, ക്യാബിൻ, ടവർ, ഡിവൈഡിംഗ് റെയിൽ എന്നിവയുടെ പോയിന്റ് കണ്ടെത്തിയിട്ടുണ്ടെന്നും അദ്ദേഹം വിശദമാക്കി. 2 നോട്ട് വരെ ശക്തിയുള്ള അടിയൊഴുക്കിലൂടെയാണ് നാവികസേനാ ഡൈവർമാർക്ക് മുങ്ങിത്തപ്പാൻ സാധിക്കുക. നിലവിൽ ഗംഗാവലി പുഴയിൽ

ആറ് മുതൽ എട്ട് വരെ നോട്ടാണ് അടിയൊഴുക്കിന്റെ ശക്തി. ഇതിൽ ഡൈവർമാർ ഇറങ്ങുന്നത് ആത്മഹത്യാപരമാണെന്നും അദ്ദേഹം വ്യക്തമാക്കി. അടുത്ത മൂന്ന് ദിവസം ഉത്തര കന്നഡയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

അതേ സമയം, മണ്ണിടിച്ചിലിൽ കാണാതായ ഒരാളുടെ കൂടി മൃതദേഹം തിരിച്ചറിഞ്ഞു. മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹം ടാങ്കർ ഡ്രൈവർ ശരവണന്റേതാണെന്ന് ഡിഎൻഎ പരിശോധനയിൽ സ്ഥിരീകരിച്ചതായി കാർവാർ MLA അറിയിച്ചു.

✪✪✪

അർജുന്റെ കുടുംബത്തിന് നേരെ നടക്കുന്ന ഹീനമായ സൈബർ ആക്രമണത്തിനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. അർജുന്റെ കോഴിക്കോട് കണ്ണാടിക്കലിലെ വീട്ടിലെത്തി ബന്ധുക്കളെ കണ്ടശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന എട്ടു സ്രവ പരിശോധനാ ഫലങ്ങളും നെഗറ്റീവ് ആണെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതുവരെയായി ആകെ 66 സാമ്പിളുകളാണ് നെഗറ്റീവായത്. മലപ്പുറം കളക്ടറേറ്റ് വീഡിയോ കോൺഫ്രൻസ് ഹാളിൽ വൈകീട്ട് ചേർന്ന നിപ അവലോകന യോഗത്തിൽ മന്ത്രി ഓൺലൈനായി പങ്കെടുത്തു.

ഇന്നലെ രണ്ടു പേർ അഡ്മിറ്റായെന്നും ഒരാൾ കോഴിക്കോട് മെഡിക്കൽ കോളേജിലും ഒരാൾ മഞ്ചേരിയിലുമാണെന്ന് മന്ത്രി പറഞ്ഞു. എട്ടു പേരാണ് അഡ്മിറ്റായി ചികിത്സ തുടരുന്നത്.

ഇന്നലെ പുതുതായി ആരെയും സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും മന്ത്രി അറിയിച്ചു.

✪✪✪

പൊതു വിദ്യാഭ്യാസ വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മേഖലാ ഫയൽ അദാലത്തുകൾക്ക് ഇന്ന് തുടക്കം. ആദ്യ അദാലത്ത് രാവിലെ എറണാകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയലുകൾ തീർപ്പാക്കുന്നതിനായി എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോട്ടയം, ഇടുക്കി ജില്ലകളെ പങ്കെടുപ്പിച്ചുകൊണ്ടാണ് അദാലത്ത്. ചടങ്ങിൽ മന്ത്രി പി രാജീവ്, പ്രതിപക്ഷ നേതാവ് V.D സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 16-ാമത് രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരി തെളിയും. വൈകിട്ട് കൈരളി തിയേറ്ററിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി M.B രാജേഷ് മേള ഉദ്ഘാടനം ചെയ്യും.

ഡോക്യുമെന്ററി രംഗത്തെ സമഗ്ര സംഭാവനയ്ക്കു ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്, ബേഡി സഹോദരന്മാരായ നരേഷ് ബേഡി, രാജേഷ് ബേഡി എന്നിവർക്ക് മന്ത്രി സമ്മാനിക്കും. രണ്ടു ലക്ഷം രൂപയും ശിൽപ്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. ബുധനാഴ്ച വരെ തിരുവനന്തപുരം കൈരളി, ശ്രീ, നിള തിയേറ്ററുകളിൽ ആറു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ 54 രാജ്യങ്ങളിൽ നിന്നായി 335 സിനിമകൾ പ്രദർശിപ്പിക്കും. ഇന്ന് രാവിലെ 9 മണി മുതൽ മൂന്നു തിയേറ്ററുകളിലും പ്രദർശനമാരംഭിക്കും.

✪✪✪

ലോക കായിക മാമാങ്കമായ ഒളിമ്പിക്സിന് പാരീസിൽ ഇന്ന് ഔദ്യോഗിക തുടക്കമാകും. ഇന്ത്യൻ സമയം രാത്രി പതിനൊന്നിനാണ് ഔദ്യോഗിക ഉദ്ഘാടന ചടങ്ങുകൾ. ലോകത്തിന്റെ ഫാഷൻ തലസ്ഥാനമായ പാരീസിൽ ഒരു നൂറ്റാണ്ടിന്റെ ഇടവേളയ്ക്കു ശേഷമാണ് ഒളിമ്പിക്സിന്റെ അലയൊലികൾ ഉണരുന്നത്.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്.........

ചരിത്രത്തിൽ ആദ്യമായി മുഖ്യ സ്റ്റേഡിയത്തിന് പുറത്ത് സെൻ നദിയിൽ പതിനായിരത്തോളം കായിക താരങ്ങളെ അണിനിരത്തുന്ന മാർച്ചുപാസ്റ്റോടെയാണ് ചടങ്ങിന് ആരംഭം കുറിക്കുക. ആറ് കിലോമീറ്ററോളം ബോട്ടുകളിലും വള്ളങ്ങളിലുമായി താരങ്ങൾ അണിനിരക്കും. 10,500

അത്‌ലറ്റുകളെ വഹിക്കാൻ 100 ബോട്ടുകൾ സജ്ജീകരിച്ചിട്ടുണ്ട്. നദിയിലെ താൽക്കാലിക വേദിയിലാണ് ഒളിമ്പിക്സ് ദീപം തെളിയിക്കൽ ഉൾപ്പെടെ ഉദ്ഘാടന ചടങ്ങുകൾ. പാരീസിന്റെ ചരിത്രവും വാസ്തുവിദ്യയും പ്രകടമാക്കുന്ന മൂന്ന് മണിക്കൂർ നീളുന്ന സവിശേഷ പ്രദർശനമാണ് ഉദ്ഘാടന ചടങ്ങിന്റെ മുഖ്യ ആകർഷണ പരിപാടി.

ഇന്ത്യയുടെ വെറ്ററൻ ടേബിൾ ടെന്നീസ് താരം അചാന്ത ശരത് കമലും ഒളിമ്പ്യൻ  പി വി സിന്ധുവുമാണ് മാർച്ച്പാസ്റ്റിൽ 140 കോടി ജനതയുടെ പ്രതീക്ഷ ഉണർത്തി ഇന്ത്യൻ പതാകയേന്തുക. ഇന്ത്യൻ അത്‌ലറ്റുകൾ പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ചാണ് ചടങ്ങിൽ അണിനിരക്കുക. ടോക്കിയോ ഒളിമ്പിക്സിൽ ഒരു സ്വർണ്ണമടക്കം ഏഴു മെഡലുകൾ നേടിയ ഇന്ത്യ പാരീസിൽ കൂടുതൽ മെഡൽ പ്രതീക്ഷകളുമായാണ് എത്തുന്നത്.

✪✪✪

ഒളിംപിക്സിനോടനുബന്ധിച്ചു പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യുന്നതിനാൽ രാവിലെ 7.25-ലെ ആകാശവാണി വാർത്തകൾ ഇന്ന് മുതൽ അഞ്ച് മിനുട്ട് നേരത്തെ ആരംഭിക്കും. ആഗസ്റ്റ് 11വരെ രാവിലെ 7.20 നായിരിക്കും വാർത്ത പ്രക്ഷേപണം ചെയ്യുക.

✪✪✪

ഏഷ്യ കപ്പ് വനിതാ ടി20 ക്രിക്കറ്റിന്റെ സെമിഫൈനൽ മത്സരങ്ങൾ ഇന്ന്.

ശ്രീലങ്കയിലെ ദാംബുള്ളയിൽ ആദ്യ മത്സരത്തിൽ എ ഗ്രൂപ്പിലെ ഒന്നാം സ്ഥാനക്കാരായ ഇന്ത്യ ബി ഗ്രൂപ്പിലെ രണ്ടാം സ്ഥാനക്കാരായ ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം.

രാത്രി ഏഴിന് നടക്കുന്ന രണ്ടാം സെമിയിൽ ഗ്രൂപ്പ് ബിയിലെ ഒന്നാം സ്ഥാനക്കാരായ ശ്രീലങ്ക ഗ്രൂപ്പ് എയിലെ രണ്ടാം സ്ഥാനക്കാരായ പാകിസ്ഥാനെ നേരിടും.

ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

ഇന്നലെ ആരംഭിച്ച പത്താമത് മലബാർ റിവർ ഫെസ്റ്റിവലിന്റെ ഭാഗമായി രാജ്യാന്തര വൈറ്റ് വാട്ടർ കയാക്കിങ്ങിന് ഔപചാരിക ഉദ്ഘാടനം രാവിലെ കോഴിക്കോട് കോടഞ്ചേരി പുലിക്കയത്ത് മന്ത്രി P.A മുഹമ്മദ് റിയാസ് നിർവഹിക്കും.

വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ കൗൺസിൽ DTPC, ജില്ലാ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെയാണ് കയാക്കിംഗ് മത്സരങ്ങൾ നടത്തുന്നത്.

✪✪✪

യാത്രാത്തിരക്ക് കുറയ്ക്കാൻ ഷൊർണൂരിനും കണ്ണൂരിനും ഇടയിൽ ആരംഭിച്ച പുതിയ ട്രെയിൻ മൂന്നു മാസത്തേക്കുകൂടി നീട്ടി. ഒക്ടോബർ 31 വരെയാണ് നീട്ടിയത്. പയ്യോളിയിൽ സ്റ്റോപ്പും അനുവദിച്ചിട്ടുണ്ട്. ഷൊർണൂർ-കണ്ണൂർ ട്രെയിൻ ഈ

മാസം രണ്ട് മുതൽ 31 വരെയാണ് നേരത്തെ പ്രഖ്യാപിച്ചിരുന്നത്.

✪✪✪

ആരോഗ്യ രംഗത്ത് സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. കാസർഗോഡ് കുമ്പള ജനറൽ വർക്കേഴ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ഓഫീസിന്റെയും ജില്ലാ സഹകരണ ആശുപത്രിയിലെ ഡിജിറ്റൈസേഷന്റെയും, ലിക്വിഡ് ഓക്സിജൻ പ്ലാന്റിന്റെയും ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

ഓണത്തിന് 2000 ഓണം ചന്തകൾ സഹകരണ സംഘം ആരംഭിക്കുമെന്ന് കാഞ്ഞങ്ങാട്ട് കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ നവീകരിച്ച മുഖ്യ ശാഖയുടെ ഉദ്ഘാടനം നിർവ്വഹിക്കവെ വാസവൻ പറഞ്ഞു.

✪✪✪

കാസർകോട് ജില്ലാ ഭരണസംവിധാനം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തുന്ന ഐ ലീഡ് പദ്ധതി മാതൃകാപരമാണെന്ന് മന്ത്രി ഡോ.ആർ.ബിന്ദു പറഞ്ഞു. ഐ ലീഡ് പദ്ധതിയുടെ ഭാഗമായി പെരിയ മഹാത്മാ മോഡൽ ബഡ്സിലെ 15 കുടുംബങ്ങൾക്ക് വരുമാനം നൽകുന്ന കൈത്തറി യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹി ക്കുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ തിങ്കളാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഇന്നലെ രാത്രി വീശി അടിച്ച കാറ്റിൽ മരം വീണ് കണ്ണൂർ കലക്ടറേറ്റിന് സമീപം നിർത്തിയിട്ട രണ്ടു കാറുകൾ പൂർണ്ണമായും തകർന്നു. നാലു കാറുകൾക്ക് കേടു പറ്റി. ജില്ലയിൽ ബുധനാഴ്ച അർദ്ധരാത്രി വീശിയടിച്ച കാറ്റിൽ 4 വീടുകൾ പൂർണ്ണമായും 313 വീടുകൾ ഭാഗികമായും തകർന്നു.

✪✪✪

കോഴിക്കോട് ജില്ലയിൽ ശക്തമായ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടം. മുക്കം, താമരശ്ശേരി, മാവൂർ മേഖലയിൽ പന്ത്രണ്ട് ഇടങ്ങളിൽ മരങ്ങൾ പൊട്ടിവീണ് ഗതാഗതം തടസ്സപ്പെട്ടു.

✪✪✪